**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **04-02-2026 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2021 മെയ് മാസം മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **മോട്ടോർ വാഹന വകുപ്പ്**<br><br>**കുറ്റാടി — കോഴിക്കോട് റൂട്ടിൽ സർവ്വീസ് നടത്തുന്ന LSOS വാഹനങ്ങളുടെ റണ്ണിംഗ്ടൈം 2 Min/kmനിന്നും 2.15 Min/Km ആക്കുന്നതിലേയ്ക്കായുള്ള വിഷയം 26.0 8.2025 ലെ ആർ ടി എ ബോർഡ് മുമ്പാകെ സമർപ്പിക്കുകയും ഐറ്റം നമ്പർ 142 ആയി പരിഗണിച്ച് അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശയിൽ പറയുന്ന പ്രകാരം റണ്ണിംഗ് ടൈം മാറ്റങ്ങളില്ലാതെ വർദ്ധിപ്പിച്ച് നൽകുന്നതിന് ആർ ടി എ ബോർഡ് സെക്രട്ടറി ആർടിഒക്ക് അനുമതി നൽകിയിട്ടുണ്ട്. കുറ്റാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി റോഡരികിലെ അനധികൃത പാർക്കിംഗിന് പിഴ ഈടാക്കുകയും ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ് നൽകുകയും ചെയ്യാറുണ്ട്.** |
| (ബി) | ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കാലയളവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | 2021 മേയ് മാസം മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തൊട്ടിൽപ്പാലം യൂണിറ്റിൽ നിന്നും മൂന്ന് ടൗൺ ടു ടൗൺ സർവിസുകളും അഞ്ച് ഓർഡിനറി സർവിസുകളും ഒരു ഗ്രാമവണ്ടി സർവീസ് ഉൾപ്പെടെ ആകെ 9 സർവിസുകളും കൂടാതെ കോഴിക്കോട് യൂണിറ്റിൽ നിന്നും ഒരു ട്രിപ്പും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ